**കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം**

*(ഹാജർ : ഡോ : കെ. വാസുകി ഐ.എ.എസ്.)*

വിഷയം :- കാർഷിക വികസന കർഷകക്ഷേമ വകുപ്പ് - ജീവനക്കാര്യം - ഗ്രേഡ് I സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിൽ നിന്നും സീനിയർ ഗ്രേഡ് സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി ഉത്തരവാകുന്നു.

പരാമർശം :-
1) സ.ഉ. (ആർ.റ്റി.) 2000/ 1989/ എ.ഡി. തീയതി 05.12.1989.
2) സ.ഉ. (പി.) 515/ 2007/ ഫിൻ. തീയതി 19.10.2007.
3) സ.ഉ. (എം.എസ്.) 178/ 2008/ എ.ഡി. തീയതി 18.10.2008.
4) സ.ഉ. (പി.) 42/ 2010/ പി.&എ.ആർ.ഡി. തീയതി 22.12.2010.
5) സ.ഉ. (ആർ.റ്റി.) 880/ 2020/ അഗ്രി. തീയതി 28.10.2020.

**ഉത്തരവ് നം. എസ്.എച്ച്. (2) 36738 / 2018 തീയതി : 13.01.2021.**

പരാമർശം (5)-ലെ ഉത്തരവ് പ്രകാരം സീനിയർ ഗ്രേഡ് സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിലേക്ക് സ്ഥാനക്കയറ്റത്തിന് യോഗ്യരായ ഉദ്യോഗസ്ഥരുടെ 2020 വർഷത്തെ സെലക്ട് ലിസ്റ്റ് സർക്കാർ അംഗീകരിക്കുകയുണ്ടായി. സീനിയർ ഗ്രേഡ് സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിൽ 4 ഒഴിവുകൾ നിലവിലുണ്ട്.

പരാമർശം (1)-ലെ ഉത്തരവ് പ്രകാരം സയന്റിഫിക് അസിസ്റ്റന്റ് ഗ്രേഡ് II, സയന്റിഫിക് അസിസ്റ്റന്റ് ഗ്രേഡ് I, സീനിയർ ഗ്രേഡ് സയന്റിഫിക് അസിസ്റ്റന്റ് എന്നീ തസ്തികളിൽ ജോലിയുടെ സ്വഭാവത്തിൽ മാറ്റമില്ലെന്നും, ആയതിനാൽ ടി തസ്തികകൾ interchangable ആണെന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ജോലിയുടെ സ്വഭാവത്തിൽ മാറ്റമില്ലാത്ത ഉദ്യോഗക്കയറ്റങ്ങൾക്ക് ഒഴിവ് നിലവിൽ വന്ന തീയതി പ്രാബല്യത്തിൽ ഉദ്യോഗക്കയറ്റം നൽകാവുന്നതാണെന്നും പരാമർശം (2) പ്രകാരം ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട ചുവടെ പരാമർശിച്ചിട്ടുള്ള യോഗ്യരായ ഉദ്യോഗസ്ഥരെ 35700-75600 ശമ്പള നിരക്കിൽ സീനിയർ ഗ്രേഡ് സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിൽ KS&SSR ചട്ടം 28(b) (1) പ്രകാരം നിലവിൽ ജോലി ചെയ്യുന്ന ഓഫീസുകളിൽ ഉദ്യോഗക്കയറ്റം മുഖേന നിയമനം നൽകി ഉത്തരവാകുന്നു.

| ക്രമ നം. | പേര്, തസ്തിക | ഉദ്യോഗക്കയറ്റം നൽകി നിയമിച്ച ഓഫീസ് | ഉദ്യോഗക്കയറ്റം ലഭിച്ച തീയതി |
|---|---|---|---|
| 1. | ശ്രീ. ഡെന്നീസൺ. Z., സയന്റിഫിക് അസിസ്റ്റന്റ് ഗ്രേഡ് I | മൊബൈൽ സോയിൽ ടെസ്റ്റിംഗ് ലാബ്, കൊല്ലം | 01.07.2020 (ശ്രീ. ബാബു. എ.ജി., അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ് ആയ ഒഴിവ്) |
| 2. | ശ്രീ. ശ്രീകാന്ത്. എം.കെ., സയന്റിഫിക് അസിസ്റ്റന്റ് ഗ്രേഡ് I | മൊബൈൽ സോയിൽ ടെസ്റ്റിംഗ് ലാബ്, ഇടുക്കി | 06.07.2020 (ശ്രീ. ബാജു. വി.കെ., അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ് ആയ ഒഴിവ്) |

| | | | |
|---|---|---|---|
| 3. | ശ്രീമതി. സിവിഷ. കെ., സയന്റിഫിക് അസിസ്റ്റന്റ് ഗ്രേഡ് I | മൊബൈൽ സോയിൽ ടെസ്റ്റിംഗ് ലാബ്, കോഴിക്കോട് | 06.07.2020 (ശ്രീ. സി.പി.കെ. പ്രതീപ് കുമാർ, അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ് ആയ ഒഴിവ്) |
| 4. | ശ്രീ. ടോമി. വി.വി., സയന്റിഫിക് അസിസ്റ്റന്റ് ഗ്രേഡ് I | മൊബൈൽ സോയിൽ ടെസ്റ്റിംഗ് ലാബ്, കോട്ടയം | 13.07.2020 (ശ്രീ. രാജേഷ്. കെ., അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ് ആയ ഒഴിവ്) |

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർ പരാമർശം (4)-ലെ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി തുടർച്ചയായ ഒരു വർഷത്തിനുള്ളിൽ 6 മാസത്തെ പരിവീക്ഷാക്കാലം പൂർത്തിയാക്കേണ്ടതും, ടി കാലയളവിലനുള്ളിൽ എക്സിക്യൂട്ടീവ് ഓഫീസർമാർക്കുള്ള വകുപ്പുതല പരീക്ഷ / അക്കൗണ്ട് ടെസ്റ്റ് (ലോവർ) വിജയിക്കേണ്ടതുമാണ്.

ടി ജീവനക്കാർ വിടുതൽ ചെയ്യതും / ജോലിയിൽ പ്രവേശിച്ചതുമായ വിവരം അറിയിക്കേണ്ടതും, RTC യഥാസമയം അക്കൗണ്ടന്റ് ജനറലിനും, ഈ കാര്യാലയത്തിലും ലഭ്യമാക്കേണ്ടതുമാണ്. കൂടാതെ സേവനപുസ്തകം, എൻടൈറ്റിൽമെന്റ് രജിസ്റ്റർ എന്നിവയിൽ രേഖപ്പെടുത്തലുകൾ വരുത്തി അക്കൗണ്ടന്റ് ജനറലിന് നേരിട്ട് അയക്കേണ്ടതുമാണ്.

(ഒപ്പ്)
ഡയറക്ടർ
കാർഷിക വികസന കർഷകക്ഷേമ വകുപ്പ്

BINDU MOL. T
Administrative Assistant II
Agriculture Development & Farmers Welfare Department
Vikas Bhavan, Trivandrum

ബന്ധപ്പെട്ട ജീവനക്കാർക്ക് (മേലധികാരി മുഖേന)

പകർപ്പ്:-

1) അക്കൗണ്ടന്റ് ജനറൽ (ആമുഖകത്ത് സഹിതം)
2) പ്രിൻസിപ്പൽ കൃഷി ഓഫീസർ, കൊല്ലം, കോട്ടയം, ഇടുക്കി, കോഴിക്കോട്.
3) ഐ.ടി. സെൽ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4) സ്റ്റോക്ക് ഫയൽ / സ്പെയർ

DP.13.01.2021.